പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 2967

28.01..2014 -ൽ
മറുപടിയ്ക്ക്

## തരൂർ മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. കോളേജ്

| ചോദ്യം<br>ശ്രീ. എ. കെ. ബാലൻ | | ഉത്തരം<br>ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തരൂർ മണ്ഡലത്തിലെ കോട്ടായിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. കോളേജിന്റെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കോളേജിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ഏതു വരെയായെന്ന് വ്യക്തമാക്കുമോ; കെട്ടിടത്തിന്റെ എസ്റ്റിമേറ്റും, പ്ലാനും തയ്യാറാക്കിയിട്ടുണ്ടോ; ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | കെട്ടിട നിർമ്മാണത്തിനുള്ള ചുമതല പി.ഡബ്ല്യു.ഡിയെ ഏൽപ്പിച്ചിട്ടുണ്ട്. പ്ലാൻ തയ്യാറായിട്ടുമുണ്ട്. പി.ഡബ്ല്യു.ഡിയിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചാലുടൻതന്നെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കോളേജിന് കെട്ടിടം പണിയാൻ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് ലഭിച്ചത്; ഭൂമി ഐ.എച്ച്.ആർ.ഡി.-ക്ക് കൈമാറിയിട്ടുണ്ടോ; എത്ര ഭൂമിയാണ് ലഭിച്ചത്; ലഭിച്ച ഭൂമി ഒരു കോളേജിന് പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകുമോ ; | (സി) | കോട്ടായി ഗ്രാമ പഞ്ചായത്തിന്റെ കൈവശമുള്ള 0.36 ഹെക്ടർ സ്ഥലം കോളേജിന് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കോട്ടായി ഗ്രാമ പഞ്ചായത്ത് ഐ.എച്ച്.ആർ.ഡിക്ക് ഈ സ്ഥലം നൽകിയിട്ടുണ്ടെങ്കിലും ഉടമസ്ഥാവകാശം ഇതുവരെയും നൽകിയിട്ടില്ല. ഈ സ്ഥലം കോളേജിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ല. നിലവിൽ നിയമം അനുസരിച്ച് ഒരു കോളേജിന് രണ്ടേക്കർ സ്ഥലം ആവശ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ കോളേജ് പ്രവർത്തിക്കുന്ന സ്ഥലത്തിനു സമീപം വെറുതെ കിടക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ഭൂമി കോളേജിനുവേണ്ടി വിട്ടുനൽകാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ഈ വിഷയം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ